# തൗഹീദ്

## ശുദ്ധപ്രകൃതിയുടെ ആദർശം

**ഗ്രന്ഥകർത്താവ്:** ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ
**ഗ്രന്ഥം:** بلوغ السعادة فى توحيد رب العبادة
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല

**عن أبي هريرةَ ﷺ قالَ: قالَ النبي ﷺ: كُل مولُود يولَد على الفطْرة فأبواه يهودانِه أو ينصرانِه أو يمجسانِه كمثَلِ البهيمة تنتج البهيمةَ هلْ ترى فيها جدعاءَ؟ وقَالَ أبو هريرةَ واقْرءُوا إنْ شئْتم:**

﴿ فِطۡرَتَ ٱللَّهِ ٱلَّتِى فَطَرَ ٱلنَّاسَ عَلَيۡهَاۚ لَا تَبۡدِيلَ لِخَلۡقِ ٱللَّهِۚ ذَٰلِكَ ٱلدِّينُ ٱلۡقَيِّمُ ﴾

അബൂഹുറെയ്റﷺവിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: നബി ﷺ പറഞ്ഞിരിക്കുന്നു: "എല്ലാ കുട്ടികളും ഫിത്റത്തി(ഇസ്ലാമിൽ)ലാണ് ജനിക്കുന്നത്. അതിൽപ്പിന്നെ അവന്റെ മാതാപിതാക്കൾ അവനെ ജൂതനാക്കുന്നു, അല്ലെങ്കിൽ അവർ അവനെ കൃസ്ത്യാനിയാക്കുന്നു, അല്ലെങ്കിൽ അവർ അവനെ അഗ്നിയാരാധകനാക്കുന്നു. ഒരു മൃഗത്തിന്റെ ഉപമപോലെ; അത് മറ്റൊരു മൃഗത്തെ ഉൽപാതിപ്പിക്കുന്നു. അവക്ക് (ചെവി മുറിഞ്ഞതുപോലുള്ള) വല്ല അംഗവൈകല്യവും ഉള്ളതായി നിങ്ങൾ കാണുന്നുണ്ടോ?" (അബൂഹുറെയ്റﷺ) പറയുന്നു: നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങൾ പാരായണം ചെയ്യുക:

﴿ فِطۡرَتَ ٱللَّهِ ٱلَّتِى فَطَرَ ٱلنَّاسَ عَلَيۡهَاۚ لَا تَبۡدِيلَ لِخَلۡقِ ٱللَّهِۚ ذَٰلِكَ ٱلدِّينُ ٱلۡقَيِّمُ ﴾

﴾അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല.﴿ (ബുഖാരി: 385, മുസ്ലിം: 2658)

മുസ്ലിമിന്റെ റിപ്പോർട്ടിൽ ഇപ്രകാരം കൂടിയുണ്ട്:

**فَأبواه يهودانِه وينصرانِه ويشركانِه**

"അതിൽപ്പിന്നെ അവന്റെ മാതാപിതാക്കൾ അവനെ ജൂതനോ കൃസ്ത്യാനിയോ അല്ലാഹുവിൽ പങ്ക്ചേർക്കുന്നവനോ ആക്കുന്നു" അദ്ദേഹത്തിന്റെതന്നെ മറ്റൊരു റിപ്പോർട്ടിൽ:

## إلا على هذه الملة

“ഈ (ഇസ്‌ലാമിക)മില്ലത്തിലല്ലാതെ (ഒരു കുഞ്ഞും ജനിക്കുന്നില്ല)” എന്നാണുള്ളത്.

**عن عياض بن حمار المجاشعي ﷺ أن رسولَ الله ﷺ قالَ ذَات يومٍ في خطبته: ألا إن ربي أمرنِي أنْ أعلمكُم ما جهلْتم مما علمنِي يومي هذَا كُل مالٍ نحلْته عبدا حلالٌ وإني خلقْت عبادي حنفَاءَ كُلهـم وإنهـم أتـتهم الشياطين فَاجتالَتهم عن دينِهم وحرمت علَيهم ما أحللْت لَهم وأَمرتهم أنْ يشركُوا بِي ما لَم أنزلْ بِـه سـلْطَانا وإن الله نظَر إلَى أهلِ الْأرضِ فَمقَتهم عربهم وعجمهم إلا بقَايا من أهلِ الْكتابِ**

ഇയാദ് ഇബ്നു ഹിമാറുൽ മുജാശിഇ ﷺവിൽ നിന്നും നിവേദനം: തീർച്ചയായും അല്ലാഹുവിന്റെ റസൂൽﷺ ഒരു ദിവസം അദ്ദേഹത്തിന്റെ ഖുത്വുബഃയിൽ പറഞ്ഞു: “അറിയുക, ഈ ദിനം എന്റെ റബ്ബ് എന്നെ പഠിപ്പിച്ചതിൽനിന്ന് നിങ്ങൾക്ക് അജ്ഞമായത് നിങ്ങളെ പഠിപ്പിക്കാൻ എന്നോട് കൽപ്പിച്ചിരിക്കുന്നു. (അല്ലാഹു പറയുന്നു) ഞാൻ എന്റെ അടിമക്ക് നൽകിയ എല്ലാ സമ്പത്തും ഹലാലാകുന്നു. തീർച്ചയായും എന്റെ അടിമകളെ മുഴുവൻ ഞാൻ മുസ്‌ലിമീങ്ങളായി(ഋജുമാർഗ്ഗികളായി)ട്ടാണ് സൃഷ്ടിച്ചത്. പിന്നെ പിശാചുക്കൾ അവരിലേക്ക് വന്ന് അവരെ ദീനിൽ നിന്ന് തെറ്റിച്ച് അവരെ ചതിയിൽ കൊണ്ടു പോയി, ഞാൻ അവർക്ക് ഹലാലാക്കിയതിനെ അവർ (പിശാചുക്കൾ) അവരുടെമേൽ ഹറാമാക്കി, ഞാൻ ഒരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്തതിൽ എന്നിൽ പങ്ക് ചേർക്കാനും അവർ (പിശാചുക്കൾ) അവരോട് കൽപ്പിച്ചു, തീർച്ചയായും അല്ലാഹു (നബിﷺയെ നിയോഗിക്കുന്നതിന് മുമ്പ്) ഭൂവാസികളിലേക്ക് നോക്കി, അങ്ങിനെ അവരിലെ വേദക്കാരിൽനിന്ന് സത്യത്തിൽ അവശേഷിച്ചവരൊഴികെയുള്ള അറബികളോടും അനറബികളോടും ദേഷ്യപ്പെടുകയും ചെയ്തു” (മുസ്‌ലിം)

**عن ذَر عن ابنِ عبد الرحمنِ بنِ أبزى عن أَبِيه ﷺ عن النبِي ﷺ أنه قَالَ: أصبحنا على فطْرة الْإسلامِ وعلَى كَلمة الْإخلاصِ وعلَى دينِ نبِينا محمد ﷺ وعلَى ملة أَبِينا إبراهيم حنِيفًا مسلما وما كَانَ من الْمشركين**

അബ്ദുല്ലാഹ് ഇബ്നു അബ്ദുറഹ്മാൻ ഇബ്നു അബ്സാ തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു: അല്ലാഹുവിന്റെ റസൂൽﷺ നേരം പുലർന്നാലും വൈകുന്നേര മായാലും ഇങ്ങനെ പറയുമായിരുന്നു:

**أصبحنا على فطْرة الْإسلامِ وعلَى كَلمة الْإخلاصِ وعلَى دينِ نبِينا محمد ﷺ وعلَى ملة أَبِينا إبراهيم حنِيفًا مسلما وما كَانَ من الْمشركين**

അർത്ഥം: “ഇസ്‌ലാമിന്റെ ഫിത്വ്റത്തിലും, ഇഖ്ലാസ്വിന്റെ കലിമത്തിലും, ഞങ്ങളുടെ പ്രവാചകനായ മുഹമ്മദ്ﷺയുടെ ദീനിലും, ഋജുമനസ്കനും മുസ്‌ലിമും മുശ്‌രിക്കുകളിൽ പെടാത്തവനുമായ ഞങ്ങളുടെ പിതാവായ ഇബ്റാഹീം(عليه السلام)യുടെ മില്ലത്തിലും ആയിക്കൊണ്ട് ഞങ്ങൾ പ്രഭാതത്തിൽ പ്രവേശിച്ചി രിക്കുന്നു” (അഹ്മദ്, നിസാഈ)

عن البراء بن عازب ﷛ أن رسولَ الله ﷺ أمر رجلًا من الأنصار إذَا أخذَ مضجعه من الليل أنْ يقُـولَ اللهـم أسلمت نفْسِي إليك ووجهت وجهي إليك وألجأت ظهري إليك وفَوضت أمري إليك رغْبةً ورهبةً إليك لَـا ملْجأ ولَا منجا منك إلا إليك آمنت بكتابك الذي أنزلت وبنبيك الذي أرسلت فَإنْ مات مات على الفطْرة

അൽ ബർറാഅ് ഇബ്നു ആസിബ്ﷺവിൽനിന്നും നിവേദനം: "അല്ലാഹുവിന്റെ റസൂൽﷺ അൻസ്വാരികളിൽ നിന്നുള്ള ഒരു വ്യക്തിയോട് തന്റെ കിടപ്പറ പ്രാപിച്ചാൽ പറയുവാൻ കൽപ്പി ച്ചു:

اللهم أسلمت نفْسِي إليك ووجهت وجهي إليك وألجأت ظهري إليك وفَوضت أمري إليك رغْبةً ورهبةً إليك لَا ملْجأ ولَا منجا منك إلا إليك آمنت بكتابك الذي أنزلت وبنبيك الذي أرسلت

അർത്ഥം: ''അല്ലാഹുവേ എന്നെ ഞാൻ നിന്നിലേക്ക് ഏൽപ്പിച്ചിരിക്കുന്നു, എന്റെ മുഖം നിന്നിലേക്ക് തിരിക്കുകയും, എന്റെ കാര്യങ്ങൾ നിന്നിലർപ്പിക്കുകയും, എന്റെ മുതുകിനെ ഞാൻ നിന്നിലേക്ക് ചേർക്കുകയും ചെയ്തിരിക്കുന്നു. നിന്റെ പ്രതിഫലത്തെ ആഗ്രഹിച്ചുകൊണ്ടും നിന്റെ ശിക്ഷയെ ഭയന്നുകൊണ്ടുമാണത്. നിന്നിൽ നിന്ന് നിന്നിലേക്ക് അല്ലാതെ രക്ഷയോ അഭയസ്ഥാനമോ ഇല്ല. നീ അവതരിപ്പിച്ച വേദത്തിലും നീ അയച്ച നിന്റെ പ്രവാചകനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു.''

അയാൾ (ഇത് ചൊല്ലിക്കിടക്കുന്നവൻ) മരണപ്പെടുകയാണെങ്കിൽ ഫിത്വ്റത്തിലാണ് (ഇസ്ലാമിലാണ്)" (ബുഖാരി, മുസ്ലിം)

عن أنس بن مالك ﷛ قَالَ كَانَ رسولُ الله ﷺ يغير إذَا طَلع الفَجر وكَانَ يستمع الأَذَانَ فَإنْ سمع أذَانا أمسـك وإلا أغَار فَسمع رجلًا يقُولُ الله أكْبر الله أكْبر فَقَالَ رسولُ الله ﷺ على الفطْرة ثُم قَالَ أشهد أنْ لَا إله إلا اللـه أشهد أنْ لَا إله إلا الله فَقَالَ رسولُ الله ﷺ خرجت من النار فَنظَروا فَإذَا هو راعي معزى

അനസ് ഇബ്നു മാലിക്ﷺവിൽ നിന്നും നിവേദനം അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ (യുദ്ധവേളകളിൽ) പ്രഭാതമായാൽ ശത്രുവിനെതിരെ യുദ്ധം ചെയ്യും. അദ്ദേഹം ബാങ്കിന്ന് ചെവികൊടുക്കും, ബാങ്ക് കേട്ടാൽ യുദ്ധം നിർത്തുകയും കേട്ടില്ലെങ്കിൽ യുദ്ധം തുടർത്തുകയും ചെയ്യുമായിരുന്നു. ഒരാൾ 'അല്ലാഹു അക്ബർ അല്ലാഹു അക്ബർ' എന്ന് പറയുന്നത് അദ്ദേഹം കേട്ടു. അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'അയാൾ ഫിത്‌റത്തിലാണ്' അയാൾ വീണ്ടും 'അ ശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ് അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറഞ്ഞു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: 'താങ്കൾ നരകത്തിൽനിന്നും പുറത്തുകടന്നു.' അപ്പോൾ അവരെല്ലാവരും (സ്വഹാബികൾ) തിരഞ്ഞുനോക്കി, കോലാടുകളെ മേയ്ക്കുന്ന ഇടയനായിരുന്നു അയാൾ." (മുസ്ലിം: 382)